www.malankaralibrary.com

# വിദ്യാഭ്യാസനയം @ 2019

ഡോ.കെ.എം.ഫ്രാൻസിസ്

ഇന്ത്യൻ ഭരണകൂടം ഭാവിയിലെ ഇന്ത്യയ്ക്കായി പുതിയ വിദ്യാഭ്യാസനയം രൂപീകരിക്കുകയാണ്. അതിന്റെ കരട് രേഖ പ്രസിദ്ധീകരിച്ചു. പ്രസ്തുത കരടുരേഖയുടെ വായന അദ്ധ്യാപകനായ എന്നിൽ സൃഷ്ടിച്ച ചില സന്ദേഹങ്ങൾ പങ്കുവെയ്ക്കുകയാണ്. പുതിയ വിദ്യാഭ്യാസനയം രൂപപ്പെടുത്തുമ്പോൾ, ആദ്യമേ രേഖപ്പെടുത്തേണ്ടത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിലെ വൈകല്യങ്ങളെന്താണ്? അതിന്റെ ഗുണമെന്താണ്? നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിലെ വൈകല്യങ്ങളുടെ കാരണമെന്താണ്? ഈ വൈകല്യങ്ങളുടെ കാരണങ്ങളുടെ പരിഹാരത്തിനായിരിക്കണം പുതിയ വിദ്യാഭ്യാസനയം രൂപപ്പെടേണ്ടത്. അത്തരമൊരു പരിശ്രമം ഈ രേഖയിൽ നടത്തുന്നതായി കാണുന്നില്ല. നിലവിൽ നാം ജ്ഞാനം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്. ജ്ഞാനം സ്വന്തം രാജ്യത്ത് ഉല്പാദിപ്പിക്കാൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ പരിഷ്ക്കരിക്കേണ്ടതുണ്ട്.

## കരടുരേഖ തയ്യാറാക്കിയത് ആരാണ്?

എല്ലാ അവികസിത രാജ്യങ്ങളും അധികാരികൾക്ക് അമിതപ്രാധാന്യം നൽകുന്നു. അതുതന്നെയാണ് അവികസിതാവസ്ഥയുടെ പ്രധാന കാരണവും. ജീവിതത്തിലൊരിക്കലും ഒരു കുട്ടിയെപ്പോലും പഠിപ്പിച്ച അനുഭവം ഇല്ലാത്ത ഒരു വ്യക്തിയെയാണ് എങ്ങിനെ വിദ്യാഭ്യാസ സംവിധാനം പുനഃസൃഷ്ടിക്കണമെന്ന നയങ്ങൾ തയ്യാറാക്കുന്നതിന്റെ തലവനായി സർക്കാർ നിയമിച്ചത്. കെ.കസ്തൂരി രംഗൻ ഐ.എസ്.ആർ.ഒ.യുടെ ചെയർമാനായിരുന്നു. റിട്ടയർമെന്റിനു ശേഷം പരിസ്ഥിതി ശാസ്ത്രം അറിയാത്ത അദ്ദേഹത്തിനെ പരിസ്ഥിതി നയം തയ്യാറാക്കാൻ ഏൽപ്പിച്ചു! പരിസ്ഥിതി നയം തയ്യാറാക്കി കഴിഞ്ഞ് അദ്ദേഹത്തെ വിദ്യാഭ്യാസനയം തയ്യാറാക്കാൻ നിയമിച്ചപ്പോൾ അദ്ദേഹം വിദ്യാഭ്യാസ വിചക്ഷണനായി മാറി. ഇത്തരത്തിലുള്ള അത്ഭുതങ്ങൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. ഒരുവൻ ഐ.എ.എസ്. പരീക്ഷ പാസായി അദ്ദേഹത്തെ സർക്കാർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ തലവനാക്കിയാൽ അദ്ദേഹം ട്രാൻസ്പോർട്ട് വിദഗ്ദ്ധനാകും. അതിനുശേഷം ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ തലവനാക്കിയാൽ ടൂറിസം വിദഗ്ദ്ധനാകും. അതിനുശേഷം ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ തലവനായാൽ ആരോഗ്യരംഗത്തെ വിദഗ്ദ്ധനാകും. അദ്ദേഹത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ തലവനോ, വൈസ്ചാൻസലറോ ആയി നിയമിച്ചാൽ വിദ്യാഭ്യാസ വിചക്ഷണനായി. ഇത്തരത്തിലുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരുടെ ഒരു സംഘം അനേകം പുസ്തകങ്ങളിൽ നിന്ന് വിവിധ വാചകങ്ങൾ കൂട്ടിചേർത്ത് തുന്നിച്ചേർത്ത ഒരു രേഖയാണ് പുതിയ വിദ്യാഭ്യാസത്തിന്റെ കരടുരേഖ.

ഈ കമ്മറ്റിയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത് പ്രീ പ്രൈമറി വിദ്യാഭ്യാസം,പ്രൈമറി വിദ്യാഭ്യാസം, ഹൈസ്ക്കൂൾ വിദ്യാഭ്യാസം, യൂണിവേഴ്സിറ്റി വിദ്യാഭ്യാസം എന്നീ മേഖലകളിൽ പഠിപ്പിക്കുകയും പഠിപ്പിക്കുമ്പോൾ നേരിടേണ്ടി വന്ന തടസ്സങ്ങൾ മനസ്സിലാക്കി അവയെ പരിഹരിക്കാൻ വേണ്ട ഗവേഷണം നടത്തി സൈദ്ധാന്തിക സംഭാവനകൾ ചെയ്ത വ്യക്തികളെയാണ്. അങ്ങിനെ ആരും ഇന്ത്യയിലില്ലെങ്കിൽ വികസിത വിദേശ രാജ്യങ്ങളുടെ വിദ്യാഭ്യാസ നയം അതേപടി പകർത്തുകയാണ് ഇന്ത്യയ്ക്ക് നല്ലത്.

www.malankaralibrary.com

## ഇന്ത്യൻ വിദ്യാഭ്യാസ ചരിത്ര ഗീർവാണം

ഈ രേഖ ആരംഭിക്കുന്നതുതന്നെ ഇന്ത്യയിൽ ലോകരാഷ്ട്രങ്ങളിലേക്കാൾ മികച്ച വിദ്യാഭ്യാസം നിലനിന്നിരുന്നുവെന്ന അഹങ്കാര പ്രഘോണത്തോടെയാണ്. നളന്ദ, തക്ഷശില എന്നീ യൂണിവേഴ്സിറ്റികൾ ഇന്ത്യയിൽ ഉണ്ടായിരുന്നുവെന്ന് ഈ രേഖ അവകാശപ്പെടുന്നു. നളന്ദ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്ന വിഷയങ്ങൾ ഏതാണ്? സിലബസ്സ് ഏതാണ്? എന്നതിനെക്കുറിച്ച് ആർക്കും അറിയില്ല. നളന്ദ യൂണിവേഴ്സിറ്റി വീണ്ടും പുനഃരുദ്ധരിച്ച് ഉദ്ഘാടനം നടത്താൻ വന്ന നോബൽ സമ്മാന ജേതാവായ എ.കെ.സെൻ നടത്തിയ അ

ഭിപ്രായപ്രകടനങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്.ഇതിൽ ഏറെ ഖേദകരം ഇന്ത്യയിൽ കപ്പൽനിർമ്മാണ സാങ്കേതികവിദ്യ (Ship building technotogy) വികസിപ്പിച്ചിരുന്നുവെന്ന നുണയാണ്. ഫീനീഷ്യർ, ഈജിപ്തുക്കാർ, ഗ്രീക്കുകാർ, റോമക്കാർ, അറബികൾ, പോർച്ചുഗീസുകാർ മുതലായവരാണ് CE1500 മുൻപ് വിവിധ കാലഘട്ടത്തിൽ നാവിക സാമ്രാജ്യം കയ്യടക്കി വാണിരുന്നത്. ഇത്രയും നിസ്സാരമായ സാമൂഹിക വിജ്ഞാനം പോലുമില്ലാത്തവരാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. ഇന്ത്യക്കാർക്ക് കടൽകടന്നാൽ അശുദ്ധിയാണ്. കപ്പലിൽ യാത്രചെയ്തു എന്നതിന്റെ പേരിൽ മഹാത്മാഗാന്ധിയെ ചാണകവെള്ളം കുടിപ്പിച്ച് ശുദ്ധീകരിച്ച നാടാണ് ഇന്ത്യ.

## വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

മനുഷ്യനെ സമ്പൂർണ്ണ മനുഷ്യനാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ബുദ്ധിയുള്ള 'രാവണന്മാരെ'ക്കാൾ സ്വഭാവഗുണമുള്ള 'രാമന്മാ'രെയാണ് രാജ്യത്തിനാവശ്യം. ഇത്തരമൊരു ലക്ഷ്യം ഈ വിദ്യാഭ്യാസനയ രേഖയ്ക്കുണ്ടോ? ഈ രേഖയുടെ ദർശനം വ്യക്തമാക്കുന്ന ആമുഖത്തിൽ ഒരു വ്യക്തിയുടെ സമ്പൂർണ്ണ വ്യക്തിത്വവികാസമാണ് ലക്ഷ്യമെന്ന വാചകത്തിന് താഴെ വിദ്യാഭ്യാസത്തിന്റെ മുൻഗണനകൾ വിവരിക്കുന്നുണ്ട്. അതിൽ ഒന്നാം സ്ഥാനം അറിവിനും രണ്ടാം സ്ഥാനം പ്രവർത്തിക്കും മൂന്നാം സ്ഥാനം ഒരുമിച്ചുള്ള ജീവിതത്തിനും നാലാം സ്ഥാനം വ്യക്തിത്വ വികസനത്തിനും നൽകിയിരിക്കുന്നു. ഇങ്ങിനെയാണത്രെ യുനസ്കോയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇതാണോ ഇന്ത്യൻ സംസ്കാരം? ഇന്ത്യയിൽ നിന്ന് ഞാൻ പഠിച്ചത് (1) സൽസ്വഭാവം, (2)ഒരുമിച്ചുള്ള ജീവിതം, (3) പ്രവൃത്തി, (4) അറിവ് എന്നീ ക്രമമാണ്. യഥാർത്ഥ ക്രമത്തെ കീഴ്മേൽ മറിക്കുകയാണ് കസ്തൂരിരംഗൻ കമ്മീഷൻ ചെയ്തിരിക്കുന്നത്.

ഇനി വിദ്യാഭ്യാസത്തിന്റെ അനന്തരഫലമായി വിദ്യാർത്ഥി നേടിയെടുക്കേണ്ടത് മുകളിൽ പറഞ്ഞ നാലുകാര്യം മാത്രമാണോ? അറിവും (Knowledge), നൈപുണിയും (Skill) നേടുക മാത്രമാണോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാക്കി നിർണ്ണയിക്കേണ്ടത്? അറിവിന്റെ ഉദ്പാദനം നടത്തേണ്ടത് (Production of knowledge) വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആത്യന്തികലക്ഷ്യത്തിൽ ഉൾപ്പെടുത്തേണ്ടതല്ലേ?

അറിവുൽപാദിപ്പിക്കാനുള്ള അക്കാദമിക അന്തരീക്ഷം ഇന്ത്യയിലില്ല എന്നതാണ് ഇന്ത്യൻ ജനതയുടെ പിന്നോക്കാവസ്ഥയുടെ പ്രധാന കാരണം. നാം ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്നത് അറിവാണ്. ഒന്നാം ക്ലാസുമുതൽ ഗവേഷണബിരുദം വരെയുള്ള

www.malankaralibrary.com

എല്ലാ പാഠപുസ്തകങ്ങളിലും നാം പഠിപ്പിക്കുന്നത് വിദേശികൾ സൃഷ്ടിച്ച അറിവാണ്.

ഇന്ത്യക്കാർക്കെങ്കിലും അറിവുൽപാദിപ്പിക്കാനുള്ള കഴിവുണ്ടെങ്കിൽ തന്നെ അത് പ്രസവിക്കണമെങ്കിൽ അവർക്ക് യൂറോപ്യൻ രാജ്യങ്ങളിൽ പോകണമെന്ന അവസ്ഥ ഇല്ലാതാകണം. രാമാനുജവും, സി.വി.രാമനും, എ.കെ. സെന്നും പ്രഗത്ഭരായി മാറിയത് യൂറോപ്പ്യൻ അക്കാദമിക സാഹചര്യത്തിലാണ്. ഇക്കാര്യത്തിന് നമുക്ക് കഴിവില്ലെങ്കിലും ഇന്ത്യൻ വിദ്യാഭ്യാസ നയത്തിന്റെ പരമലക്ഷ്യങ്ങളിൽ ഒന്നായി അറിവിന്റെ ഉൽപാദനത്തെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസ പരിഷ്കാര നിർദ്ദേശങ്ങൾ

അംഗൻവാടി, മൂന്നുവയസ്സുമുതൽ എട്ടുവയസ്സുവരെ പ്രൈമറി, എട്ടുമുതൽ പതിമൂന്നുവരെ അപ്പർ പ്രൈമറി, പതിമൂന്നു മുതൽ പതിനെട്ടുവരെ പ്രീയൂണിവേഴ്സിറ്റി. അതിനുശേഷം കലാലയ വിദ്യാഭ്യാസം.

ഇത്തരമൊരു പുതിയ വർഗ്ഗീകരണം നൽകുന്നതല്ലാതെ ഈ വർഗ്ഗങ്ങളിൽ ഊന്നൽ നൽകേണ്ട മുൻഗണനാ ക്രമം കൃത്യതയോടെ നിർദ്ദേശിക്കാൻ ഈ രേഖയ്ക്ക് കഴിയുന്നില്ല. മൂന്നുവയസ്സുവരെയുള്ള കുട്ടികളുടെ ഒരു കാര്യം മനസ്സിലാക്കാനുള്ള കഴിവിനെ (Cognitive skill) വികസിപ്പിക്കാൻ മാതാപിതാക്കളും അംഗനവാടി അദ്ധ്യാപകരും ചെയ്യേണ്ടതെന്താണ്? ഒരു ദർശനം നൽകാൻ ഈ രേഖ തയ്യാറാക്കിയവർക്കു കഴിയുന്നില്ല. ഇന്നത്തെ LKG, UKG., ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കരിക്കുലത്തിന്റെയും ബോധനവിദ്യയുടെയും അപര്യാപ്തതകൾ എന്താണ്? ഈ അപര്യാപ്തതകൾ എങ്ങിനെയാണ് സ്വഭാവരൂപീകരണത്തിനും സാമൂഹിക ജീവിതത്തിനും പ്രയോഗത്തിനും അറിവുസമ്പാദനത്തിനും അറിവിന്റെ ഉല്പാദനത്തിനും തടസ്സം നിൽക്കുന്നത്? ഈ തടസ്സം എങ്ങിനെ പരിഹരിക്കാം? അതിനായി ഔപചാരിക സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുകയും അതിന്റെ മാർഗ്ഗം വിശദീകരിക്കുകയും ചെയ്യുന്ന പുസ്തകം രചിക്കുകയും ചെയ്ത പ്ലാറ്റോയുടെ റിപ്പബ്ലിക് എന്ന ഗ്രന്ഥം ഈ കമ്മീഷനഗംങ്ങൾ മറിച്ചു നോക്കുകയെങ്കിലും ചെയ്യണമായിരുന്നു. ഗ്രീക്കോ-റോമൻ സാമ്രാജ്യങ്ങളുടെ വികാസത്തെ നിയന്ത്രിച്ചത് BCE 400 മുതൽ CE 400 വരെ ഇറ്റലിയിലും ഗ്രീസിലും നിലനിന്നിരുന്ന പ്ലാറ്റോയുടെ അക്കാദമികളായിരുന്നു. കൂടാതെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള റൂസ്സോയുടെ എമിലി എന്ന ഗ്രന്ഥവും ഈ കമ്മറ്റിക്കാരെ സഹായിക്കുമായിരുന്നു. മനുഷ്യബുദ്ധിയുടെ സ്വാഭാവിക വളർച്ച ആരംഭിക്കുന്നതുതന്നെ കേൾവിയിലൂടെയാണ്. “രസമുള്ള കേൾവിയാണ്” മനുഷ്യബുദ്ധിയുടെ ജ്ഞാന സ്വാംശീകരണശക്തിയെ ഉത്തേജിപ്പിക്കുന്നത്. ആദ്യം കേൾക്കുക, പിന്നീട് പറയുക; മൂന്നാമത് എഴുതുക. ബുദ്ധിയുടെ സ്വാഭാവിക വളർച്ചയുടെ ക്രമം ഇതായിരിക്കെ ആദ്യം എഴുതാനും പിന്നെ പറയാനും പിന്നീട് കേൾക്കാനും പരിശീലിപ്പിക്കപ്പെടുന്ന കുട്ടികളിൽ നിന്ന് കാണാപാഠം പഠിക്കുന്ന കുട്ടികളെ സൃഷ്ടിക്കാൻ മാത്രമെ കഴിയു.

അനേക പ്രാവശ്യമുള്ള കേൾവിയിലൂടെ മനുഷ്യന്റെ ഉള്ളിൽ ഒരു വാക്ക് നിറയുമ്പോഴാണ് അത് വാക്കായി കുഞ്ഞിൽ നിന്നു പുറത്തുവരിക. വായിൽ നിന്നുവരുന്ന വാക്കുകളാണ് ഒരു കുട്ടിയെ എഴുതാൻ പരിശീലിപ്പിക്കേണ്ടത്. ഇതിനായി അഞ്ചുവയസ്സുവരെയുള്ള കുട്ടികൾ കവിതകളും കവിതാരൂപത്തിലുള്ള കഥകളും കേൾക്കട്ടെ. ഇതായിരുന്നു ഇന്ത്യൻ

www.malankaralibrary.com

പാരമ്പര്യം. എന്നാൽ യു.കെ.ജി. ക്ലാസ്സുമുതൽ കുത്തബ്മീനാർ നിർമ്മിച്ചത് ആരാണ്? ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ പേരെന്ത്? ഇന്ത്യയുടെ തലസ്ഥാനമേത്? എന്നെല്ലാം പഠിപ്പിക്കുന്ന G.K. പുസ്തകങ്ങൾ കുഞ്ഞുങ്ങളുടെ സ്വാഭാവിക ബുദ്ധിയെ കൊല്ലുന്നു.

കളികളിലൂടെ കുട്ടിയെ പഠിപ്പിക്കണം എന്ന ഒരു ഒഴുക്കൻ വാചകമല്ലാതെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു വാചകം പോലും എഴുതാൻ ഈ രേഖയ്ക്ക് കഴിയുന്നില്ല.

### മെക്കോളയുടെ പ്രേതം

L.K.G., UKG ക്ലാസുകളിൽ സാമൂഹികപാം, പൊതുവിജ്ഞാനം, നീതിശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ ലാഭം ലഭിക്കുന്നത് പുസ്തകപ്രസാധകർക്കും സ്കൂൾ നടത്തിപ്പുകാർക്കും മാത്രമാണ്. എന്നാൽ ഈ ലാഭക്കൊതി കുഞ്ഞുങ്ങളുടെ ബുദ്ധിയുടെ സ്വാഭാവിക വളർച്ചയെ കൊല്ലുകയാണ്.

ഈ പ്രായത്തിൽ മൂന്ന് കാര്യങ്ങളിൽ മാത്രമാണ് ഒരു സമൂഹം ശ്രദ്ധിക്കേണ്ടത്. ഇക്കാര്യത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കണമെങ്കിൽ (Focussed) മറ്റെല്ലാം ഉപേക്ഷിക്കണം. ഈ മൂന്നു കാര്യങ്ങളാണ് Reading, Writing, Arthmetic എന്നിവ. ഇതായിരുന്നു മെക്കോളയുടെ വിദ്യാഭ്യാസപദ്ധതിയുടെ അടിത്തറ. ഇതിനെ നഖശിഖാന്തം എതിർത്തിരുന്ന കമ്മികളും സംഘികളും പുതിയ വിദ്യാഭ്യാ,പദ്ധതിയുടെ അടിത്തറ ഇത് മൂന്നുമായിരിക്കണമെന്ന് പ്രഖ്യാപിക്കുന്നു. വിദ്യാഭ്യാസരേഖയുടെ കരടുരേഖയിൽ വായനയും എഴുത്തും അടിസ്ഥാന ഗണിതവും അടിത്തറയാണെന്ന് എഴുതിചേർക്കുമ്പോൾ കഴിഞ്ഞ അനേകവർഷമായി ഇക്കാര്യം അടിത്തറയാക്കിയ മെക്കോള പ്രഭുവിനെ തെറിവിളിച്ചതിന് മാപ്പുചോദിക്കുന്നത് നല്ലതായിരിക്കും.

### എൻട്രോപി

സ്കൂൾ വിദ്യാഭ്യാസത്തിൽ മൂന്ന് തുഗ്ലക് പരിഷ്കാരങ്ങൾ ഈ രേഖ നിർദ്ദേശിക്കുന്നു. ഒന്നാമതായി സ്കൂൾ വിദ്യാഭ്യാസത്തെ സെമസ്റ്ററാക്കി മാറ്റുന്നു. രണ്ടാമതായി ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നതും അതേക്ലാസ്സിൽ പുനർപ്രവേശനത്തിനും അനുവദിക്കുന്നു. ഇത്തരം സംവിധാനം സ്കൂൾ അന്തരീക്ഷത്തിൽ സമപ്രായാവസ്ഥയെ (Peer group state) തകിടം മറിക്കുന്നു. പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾ തങ്ങളേക്കാൾ രണ്ടോമൂന്നോ വയസ്സ് മുതിർന്നവരുമായി കൂട്ടുകൂടുന്നത് ചില വൈകല്യങ്ങളിലേക്ക് നയിക്കും. മുതിർന്ന കുട്ടികളിൽ നിന്ന് രതിവൈകൃതപഠനങ്ങളും മറ്റു ദുശ്ശീലങ്ങളും പ്രായം കുറഞ്ഞ കുട്ടികൾക്ക് ഇവരോടുള്ള സഹവാസത്തിൽ നിന്ന് തടയാനാണ് എല്ലാവരെയും ജയിപ്പിക്കുന്ന ഒരു സമ്പ്രദായം സ്കൂളിൽ നടപ്പിലാക്കാനുള്ള ഒരു കാരണം. ചില ക്ലാസ്സിൽ പഠനം നിർത്താനും വർഷങ്ങൾക്കുശേഷം പുനർ പ്രവേശനത്തിനും അനുവദിച്ചാൽ സമപ്രായ സഹവാസരീതി അസ്തമിക്കുകയും കുട്ടികൾ ദുശ്ശീലങ്ങളിലേക്ക് വളരാനുള്ള സാധ്യത രൂപപ്പെടുകയും ചെയ്യും.

മൂന്നാമതായി ഒരു പ്രദേശത്തെ സ്കൂളുകൾ സമൂഹത്തിന്റെ പൊതുമാനേജുമെന്റിന്റെ കീഴിൽ കൊണ്ടുവരുമെന്ന നിർദ്ദേശമാണ്. ഈ സമ്പ്രദായം മൂലം താഴ്ന്ന നിലവാരത്തി

www.malankaralibrary.com

ലുള്ള സ്കൂളിലെ കുട്ടികൾക്ക് ഉയർന്ന നിലവാരത്തിലുള്ള സ്കൂളിലെ അവസരങ്ങൾ ഉപയോഗിക്കാൻ കഴിയുമത്രെ.

ഭൗതികശാസ്ത്രം പഠിച്ച കസ്തൂരിരംഗൻ സാർ തെർമോഡൈനാമിക്സിലെ രണ്ടാം നിയമമായ എൻട്രോപി നിയമം (law of entropy) വീണ്ടും വായിക്കുന്നത് നന്നായിരിക്കും. ഒരു കടലാസുകഷ്ണത്തിലെ ഓരോ മൂലകങ്ങളും ഒരു യുക്തിയാൽ ക്രമീകൃതമമാണ്. കത്തിച്ചാൽ ഈ കടലാസ് ചാരമാകും. ചാരമായതിനെ വീണ്ടും കടലാസാക്കി മാറ്റാൻ കത്തിക്കുമ്പോൾ ലഭിച്ച ഊർജ്ജത്തേക്കാൾ കൂടുതൽ ഊർജ്ജം ആവശ്യമല്ലേ. ഇതല്ലേ പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ Recycling നുണയാണെന്ന് ആരോപിക്കുന്നത്.

അതുപോലെ ഒരു അദ്ധ്യാപികയോട് ചോദിച്ചുനോക്കൂ; ഒരു ക്ലാസ്സിൽ അവർ പ്രവേശിക്കുമ്പോൾ ക്ലാസ്സ് മുഴുവനും ബഹളമയമായിരിക്കും. വളരെയധികം ശക്തിപ്രയോഗിച്ചുകൊണ്ടാണ് അവർ ക്ലാസ്സിലെ കുട്ടികളുടെ ബഹളത്തെ ഇല്ലാതാക്കി ക്രമത്തിലേക്ക് കൊണ്ടുവരുന്നത്. ഒരു കുട്ടി വരാന്തയിലൂടെ നടന്നുപോയാൽപോലും ക്ലാസ്സിലെ ക്രമം തകരും. അദ്ധ്യാപിക വീണ്ടും ക്ലാസ്സിനെ ക്രമത്തിലേക്ക് കൊണ്ടുവരാൻ ഊർജ്ജം ചിലവാക്കേണ്ടിവരും. ഇത് അദ്ധ്യാപികയുടെയും പഠിതാവിന്റെയും ജ്ഞാനസമ്പാദന കാര്യക്ഷമതയെ കുറയ്ക്കും.

ഒരു വരാന്തയിലൂടെ ഒരു കുട്ടി നടന്നുപോയാൽ പോലും ക്ലാസ്സിലെ നിശബ്ദത ഭഞ്ജിക്കപ്പെടുമെങ്കിൽ, ഈ സ്കൂളിൽ നിന്ന് മറ്റൊരു സ്കൂളിലേക്ക് മാറി മാറി വിദ്യാർത്ഥികൾ യാത്രചെയ്താൽ കത്തിച്ച കടലാസുകഷ്ണംപോലെ സ്കൂൾ വിദ്യാഭ്യാസം ആയിത്തീരും. കമ്മ്യൂണിറ്റി മാനേജ്മെന്റ് എന്ന സംവിധാനത്തിലൂടെ സ്കൂളുകളുടെ നിയമാനുസൃത സ്വയംഭരണസാധ്യതകളെ അട്ടിമറിക്കാനുള്ള ഈ രേഖ, കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ ഒരു അജണ്ടയാണല്ലോ? നിറം മങ്ങിയ ചുവപ്പുകൊടിയാണ് കാവിക്കൊടിയെന്ന പ്രസ്താവന ശരിയാണോ? അല്ലെങ്കിൽ മോദിജിയുടെ നേതൃത്വത്തിലുള്ള ഒരു സർക്കാർ നിയമിച്ച കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ അച്യുതാനന്ദൻ സർക്കാർ നിർദ്ദേശിച്ച ക്ലസ്റ്റർ സ്കൂൾ സംവിധാനം, കമ്മ്യൂണിറ്റി മാനേജ്മെന്റ് സംവിധാനം എന്ന രീതിയിൽ പുരാവിഷ്ക്കരിക്കപ്പെടുന്നതെങ്ങിനെ? ഇത് സർവ്വശ്രീ കസ്തൂരിരംഗന്റെ വർഗ്ഗീയ താല്പര്യമാണോ? അറിയില്ല.